**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1259** **10-08-2023 - ൽ മറുപടിയ്ക്ക്**

**ഗിരീഷ് പുത്തഞ്ചേരിക്ക് ജന്മനാടായ ഉള്ളിയേരിയിൽ സ്മാരകം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കവിയും ഗാനരചയിതാവുമായ ഗിരീഷ് പുത്തഞ്ചേരിക്ക് ജന്മനാടായ ഉള്ളിയേരിയിൽ സ്മാരകം നിർമ്മിക്കുന്നതിനായി ഉള്ളിയേരി ഗ്രാമപഞ്ചായത്ത് നിവേദനം സമർപ്പിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ? | (എ) | ഗിരീഷ് പുത്തഞ്ചേരിക്ക് സ്മാരക മന്ദിരം പണിയുന്നത് സംബന്ധിച്ച് ബഹു. എം എൽ എ ശ്രീ. കെ എം സച്ചിൻദേവ് മുഖാന്തിരം ഉള്ളിയേരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് നൽകിയ നിവേദനം അനന്തര നടപടികൾക്കായി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. സ്മാരകം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമയുടെ സമ്മതപത്രം മാത്രമാണ് ലഭ്യമാക്കിയിരുന്നതെന്നും ഈ ഭൂമി പഞ്ചായത്തിന് കൈമാറിയിട്ടുണ്ടോയെന്നും സ്മാരകം നിർമിക്കുന്നതിന് ഇത് പര്യാപ്തമാണോയെന്നതും വ്യക്തമാക്കുവാൻ ഉള്ളിയേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടാവശ്യപ്പെട്ടിട്ടുണ്ട്. വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ